**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 250** **13-07-2022 - ൽ മറുപടിയ്ക്ക്**

**പൊതു വിദ്യാലയങ്ങളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | **സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിലവിൽ വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ (വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഡയറ്റ് ഫാക്കൽറ്റികൾ, എസ്.എസ്.കെ പ്രതിനിധികൾ) നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ അക്കാദമിക മോണിറ്ററിംഗും പിന്തുണയും നൽകി വരുന്നുണ്ട്. കൂടാതെ ഡയറ്റുകളുടേയും ബിആർസികളുടെയും നേതൃത്വത്തിൽ അക്കാദമിക മോണിറ്ററിംഗ് ആവശ്യാനുസരണം നടന്നു വരുന്നുണ്ട്. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ RDD/AD എന്നിവരാണ് ഈ ചുമതല നിർവ്വഹിക്കുന്നത്.** |
| (ബി) | ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങൾക്ക് ഗ്രേഡിംങ് സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ: ഉണ്ടെങ്കിൽ എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ വിദ്യാലയങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടില്ല. |
| (സി) | ഇതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | നിലവിൽ വിദ്യാലയങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ